നൽകിയതായി അറിയുന്നു. ഈ വിഷയത്തിൽ ഗവൺമെന്റ് ആത്മാർത്ഥമായിട്ട് ഒരു കാര്യം ചെയ്യാം. കർണ്ണാടക മുഖ്യമന്ത്രിയോടും റവന്യൂ വകുപ്പുമന്ത്രിയോടും അവരെ ഒഴിപ്പിക്കരുതെന്ന് പറയാം. അവർക്ക് ആവശ്യമായ സംരക്ഷണം കൊടുക്കണമെന്നും അല്ലെങ്കിൽ പകരം ഭൂമി കൊടുക്കണമെന്നും മനുഷ്യത്വപരമായി പെരുമാറണമെന്നും പറയാം. ഇന്ന് തന്നെ കർണാടക റവന്യൂ മിനിസ്റ്റർക്ക് ഫാക്സ് ചെയ്യാം. അതുകൊണ്ടും പ്രശ്നം തീരുന്നില്ലെങ്കിൽ കർണാടക ഗവൺമെന്റുമായിട്ട് ഈ വിഷയം ടേക്കപ്പ് ചെയ്യുന്നതിനെപ്പറ്റി പരിശോധിക്കാം.

(4) കൊച്ചി നഗരത്തിലും തൃപ്പൂണിത്തുറ നഗരത്തിലും സമീപ പഞ്ചായത്തിലും അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള തൃപ്പൂണിത്തുറ പദ്ധതിയുടെ പൂർത്തീകരണം

<u>ശ്രീ. കെ. ബാബു:</u> കൊച്ചി നഗരത്തിലും തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിലും സമീപത്തുള്ള പതിനഞ്ചോളം പഞ്ചായത്തുകളിലും കുടിവെള്ളക്ഷാമം രൂക്ഷമായിരിക്കുകയാണ്. കൊച്ചി നഗരത്തിൽ ആകെ നാലായിരം ലക്ഷം ലിറ്റർ വെള്ളം മാത്രമാണ് വിതരണം ചെയ്യുന്നത്. 1976-ന് ശേഷം ജനസംഖ്യ ലക്ഷക്കണക്കിന് വർദ്ധിച്ചുവെങ്കിലും യാതൊരുവിധ കുടിവെള്ള പദ്ധതിയും കൊച്ചി നഗരത്തിനുവേണ്ടി ഉണ്ടായിട്ടില്ല. 1995-ൽ ആരംഭിച്ച ഹഡ്കോയുടെ സഹായത്തോടെയുള്ള കൊച്ചി കുടിവെള്ള പദ്ധതി ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. സമീപകാലത്ത് ആരംഭിച്ച തൃപ്പൂണിത്തുറ കുടിവെള്ള പദ്ധതിയും പൂർത്തീകരിച്ചിട്ടില്ല. അതുകൊണ്ട് നിലവിലുള്ള പദ്ധതിയനുസരിച്ച് തന്നെ കുടിവെള്ള വിതരണം കാര്യക്ഷമമാക്കണം. അതിനുവേണ്ടി മൂന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും ആറ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും ഉൾപ്പെടെയുള്ള ഉൽപ്പാദന വിതരണ എമർജൻസി കോ-ഓർഡിനേഷൻ സംവിധാനം ഉണ്ടാക്കണം. അതുപോലെ എമർജൻസി മോണിറ്ററിംഗ് സംവിധാനവും വേണം. ഹഡ്കോ കുടിവെള്ള പദ്ധതി വേഗത്തിൽ പൂർത്തിയാക്കാനുള്ള നടപടികളെടുക്കണം. ആലുവാ മുതൽ പുക്കാട് പടി വരെയും സംസ്കാര ജംഗ്ഷൻ വരെയുമുള്ള പൈപ്പ് ഇടലും ഇതുവരെ നടന്നിട്ടില്ല. ബൈപാസിന് കുറുകെ പൈപ്പ് ഇടാനുള്ള പദ്ധതിയും ഇതുവരെ പൂർത്തിയായിട്ടില്ല. അതുപോലെ മഞ്ഞുമ്മലിൽ താൽക്കാലിക ബണ്ട് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. അത് പ്രവർത്തനക്ഷമമാക്കണം. ഇല്ലെങ്കിൽ ഓർ വെള്ളം കയറി നിലവിലുള്ള കുടിവെള്ളം പോലും മുടങ്ങിപ്പോകാനുള്ള സാധ്യതയും വളരെയേറെയാണ്. കൊച്ചി നഗരത്തിനുവേണ്ടി നിലവിലുള്ള പദ്ധതി വേഗത്തിൽ നടപ്പാക്കുകയും ഹഡ്കോ പദ്ധതിയും, തൃപ്പൂണിത്തുറ പദ്ധതിയും വേഗത്തിൽ പൂർത്തിയാക്കാനുള്ള നടപടിയും

LIBRARY ARCHIVES Kerala Legislative Assembly

വേണം. അതുപോലെ കൊച്ചി നഗരത്തിൽ ഇപ്പോൾ പുതിയ വികസന പദ്ധതികൾ ധാരാളം വരികയാണ്. കുടിക്കാൻ പോലും വെള്ളമില്ല. അതുകൊണ്ട് കൊച്ചി കുടിവെള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ തന്നെ അടിയന്തിരമായി ടാങ്കർ ലോറികളിൽ വെള്ളം വിതരണം ചെയ്തെങ്കിലും കൊച്ചി നഗരത്തിലേയും സമീപ പഞ്ചായത്തുകളിലേയും തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിലേയും കുടിവെള്ള പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഇവിടുത്തെ പ്രധാന പ്രശ്നം കൊച്ചി കോർപ്പറേഷനിൽ ശുദ്ധജല വിതരണത്തിനായി 209 എം. എൽ. ഡി. വെള്ളം ആവശ്യമുള്ളതിൽ 120 എം.എൽ.ഡി. വെള്ളം മാത്രമേ വിതരണം ചെയ്യാൻ കഴിയുന്നുള്ളു. അത് വെള്ളത്തിന്റെ ഷോർട്ടേജ് കൊണ്ടാണ്. 89 എം.എൽ.ഡി.-യുടെ ഷോർട്ടേജാണ്. തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി ഉൾപ്പെടെയുള്ള നാല് മുനിസിപ്പാലിറ്റികളിൽ ശുദ്ധജല വിതരണത്തിനായി 42 എം.എൽ.ഡി. വെള്ളം ആവശ്യമുള്ളതിൽ 16 എം.എൽ.ഡി. വെള്ളമാണ് വിതരണം ചെയ്യാൻ കഴിയുന്നത്. 26 പഞ്ചായത്തുകളിലായി 142 എം.എൽ.ഡി. വെള്ളമാണ് ആവശ്യമുള്ളത് പക്ഷെ 63 എം.എൽ.ഡി. വെള്ളത്തിന്റെ ഷോർട്ടേജുണ്ട്. മൊത്തത്തിൽ ഈ പഞ്ചായത്തിന്റെ ഷോർട്ടേജ് 168 എം. എൽ. ഡി.-യാണ്. അതുകൊണ്ട് കൊച്ചി ശുദ്ധജല വിതരണ പദ്ധതിക്ക് 165 എം.എൽ.ഡി. വെള്ളത്തിന്റെ ഷോർട്ടേജ് മാറാത്തിടത്തോളം കാലം ഈ പ്രദേശത്ത് ശാശ്വതമായ പരിഹാരം ഉണ്ടാകുകയില്ല. ശാശ്വതമായ പരിഹാരമുണ്ടാകുന്നതിനുവേണ്ടി കൊച്ചി വാട്ടർ സപ്ലൈ സ്കീമിന്റെ കവറേജ് കൂട്ടുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളിലാണ് നമ്മൾ നിൽക്കുന്നത്. കൊച്ചി വാട്ടർ സ്പ്ലൈ സ്കീമുകളിൽ 35 എം. എൽ. ഡി. കൂട്ടാനും പറവൂർ വാട്ടർ സപ്ലൈ, ചൊവ്വൂർ പദ്ധതിയുടെ 68 എം. എൽ. ഡി. വർദ്ധിപ്പിക്കുന്നതിനും തൃപ്പൂണിത്തുറ വാട്ടർ സപ്ലൈ സ്കീമിലൂടെ 42 എം. എൽ. ഡി. വെള്ളം വർദ്ധിപ്പിക്കുന്നതിനും വേണ്ടിയുള്ള ശ്രമങ്ങളാണ് നടക്കുന്നത്. 23 എം.എൽ.ഡി. വെള്ളത്തിന്റെ ഷോർട്ടേജ് ഉണ്ടാകും. ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. ബാബു ഇവിടെ സൂചിപ്പിച്ചതുപോലെ 6 പദ്ധതികൾ കൊച്ചി കേന്ദ്രീകരിച്ച് നമ്മൾ നടപ്പാക്കാനുദ്ദേശിക്കുകയാണ്. എൻ. എൽ. ജി. ടെർമിനലും വല്ലാർപാടം കണ്ടെയിനറും ഒക്കെ വരുന്നതിന്റെ അടിസ്ഥാനത്തിൽ 676 കോടി രൂപയുടെ മതിപ്പുചെലവ് പ്രതീക്ഷിക്കുന്ന വിപുലമായ പദ്ധതി വാട്ടർ അതോറിറ്റി വിഭാവനം ചെയ്യുന്നുണ്ട്. നിലവിലുള്ള കുടിവെള്ള പദ്ധതിയുടെ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ ഇവിടെ ഓഗ്മെന്റേഷൻ കൊച്ചി വാട്ടർ സപ്ലൈ സ്കീമിനുവേണ്ടിയുള്ള പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ വേഗത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളെടുക്കുന്നതാണ്. ഇതിന്റെ ട്രീറ്റ്മെന്റ് പ്ലാന്റ്, നാല് ഭൂതല സംഭരണികൾ, മൂന്ന് പമ്പ്ഹൗസുകൾ എന്നിവ

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തിയായിട്ടുണ്ട്. ആലുവ മുതൽ കാരണക്കോണം വരെയുള്ള പമ്പിംഗ് മെയിനിന്റെ പണികൾ പുരോഗമിച്ചു വരുന്നുണ്ട്. ആലുവ നിർമ്മല സ്കൂൾ മുതൽ പൂക്കോട് പടിവരെയുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള പണി റീ-ടെന്റർ വിളിക്കേണ്ടതുണ്ട്. ടെന്റർ എഗ്രിമെന്റ് വന്നപ്പോൾ സിങ്കിൾ ടെന്ററായി മാറിയതുകൊണ്ട് നിയമപരമായി പ്രശ്നങ്ങൾ വന്നതിനാൽ റീ-ടെന്ററിലേക്ക് പോകാതിരിക്കാൻ നിവൃത്തിയില്ലാതെ വന്നതുകൊണ്ടാണ് അത് അടിയന്തിരമായി റീ-ടെന്റർ വിളിക്കുന്നതിനുവേണ്ടിയുള്ള നടപടികളിലേക്ക് പോകുന്നത്. ഈ പദ്ധതിയുടെ മേൽപ്പറഞ്ഞ ഘടകങ്ങളുടെ പണികൾ ധൃതഗതിയിൽ പൂർത്തീകരിച്ച് പദ്ധതി കമ്മീഷൻ ചെയ്യാൻ വേണ്ടിയുള്ള ക്രമീകരണങ്ങളുമായിട്ടാണ് ഡിപ്പാർട്ടുമെന്റ് പോകുന്നത്. ഇടപ്പള്ളി തോടിനു കുറുകെ പാലം നിർമ്മിക്കാൻ അതിന്റെ ഒരു വൈപ്പിൻ ഘടകമുണ്ട്. ഇടപ്പള്ളി നാഷണൽ ഹൈവേയിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുടെ ഡെൽഹി ഓഫീസിൽനിന്നും അനുമതി ലഭിക്കേണ്ടുതണ്ട്. 800 മീറ്റർ സ്ഥലത്ത് പൈപ്പ് സപ്ലൈ ചെയ്യാനുള്ള പണികളുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിലുള്ള കേസ് അടിയന്തിരമായി തീർപ്പാക്കുന്നതിനുള്ള നടപടിയെടുക്കുകയാണ്. ആ നടപടിയെടുത്തു കഴിഞ്ഞാൽ അതും നമുക്ക് തീർക്കാൻ കഴിയും. ഇതുകൂടാതെ എൽ. ഐ. സി.-യുടെ സഹായത്തോടുകൂടി തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിൽ ഓഗ്മെന്റേഷൻ പദ്ധതി നടപ്പാക്കാനുള്ള പദ്ധതിയുണ്ട്. ചുണ്ട് പദ്ധതിയെന്നാണ് അറിയപ്പെടുന്നത്. തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിക്കും പഞ്ചായത്തുകൾക്കും വേണ്ടി 56.35 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന തൃപ്പൂണിത്തുറ ശുദ്ധജല വിതരണ പദ്ധതിയുടെ പ്രധാന ഘടകങ്ങളുടെ ദർഘാസുകൾ വിളിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ സ്രോതസ്സ് റാ വാട്ടർ പമ്പിംഗ് മെയിൻ, ശുദ്ധജല സംഭരണിയാണ്. തൃപ്പൂണിത്തുറ, മരട് എന്നീ പ്രദേശങ്ങളുടെ ടാങ്കുകൾ എന്നിവ നിലവിലുള്ളതാണ്. ഈ പദ്ധതികളിൽ നമ്മൾ കഴിയുന്നത്ര വേഗം മനുഷ്യസഹജമായ രൂപത്തിൽ വേഗത്തിൽ തീർക്കുന്നതിനുള്ള രൂപത്തിലാണ് പോയിക്കൊണ്ടിരിക്കുന്നത്. അതോടൊപ്പം ബഹുമാനപ്പെട്ട കെ. ബാബു ഇവിടെ മോണിറ്ററിംഗ് കമ്മിറ്റി വയ്ക്കണമെന്നു പറഞ്ഞു. ഞാൻ മന്ത്രിയായതിനുശേഷം അഞ്ചു തവണ കൊച്ചി പട്ടണത്തിൽ ശുദ്ധജല വിതരണം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഉദ്യോഗസ്ഥൻമാരുടെ കോൺഫറൻസ് നടത്തിയിട്ടുണ്ട്. അതോടൊപ്പം ജനപ്രതിനിധികളെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു മോണിറ്ററിംഗും നടത്തിയിട്ടുണ്ട്. അതുകൂടാതെ ജില്ലയിൽ അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. ഇത്തരം കാര്യങ്ങളെല്ലാം ചെയ്തിട്ടുണ്ട്. മോണിറ്ററിംഗിനു വേണ്ടിയുള്ള ഒരു സംവിധാനം ചെയ്തിട്ടുണ്ട്. ജില്ലാകളക്ടറുടെ നേതൃത്വത്തിൽ എല്ലാ മാസത്തിലേയും അവസാനത്തെ വെള്ളിയാഴ്ച ഈ പദ്ധതിയെക്കുറിച്ച് ഒരു മോണിറ്ററിംഗ് നടത്തുന്നതിനു വേണ്ടി നിർദ്ദേശം കൊടുത്തിട്ടുണ്ട്. ചീഫ് എഞ്ചിനിയർ അടക്കമുള്ള ആളുകൾ ഉണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly

വാട്ടർ അതോറിറ്റിയിലെ ഹെഡ്ഡ്ഓഫീസിലെ ചീഫ് എഞ്ചിനീയർ കൂടെ ഇതിൽ പങ്കെടുക്കണമെന്ന് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇവിടെ വേണ്ടവിധത്തിലുള്ള മോണിറ്ററിംഗ് സംവിധാനം നടക്കുന്നുണ്ട്. അതു കൂടാതെ തന്നെ മുന്ന് ചീഫ് എഞ്ചിനീയേഴ്സും ചേർന്ന് ഇക്കാര്യത്തിൽ ഒരു പരിഹാരം ഉണ്ടാക്കുന്നതിന് നിർദ്ദേശം വയ്ക്കാൻ പറഞ്ഞിട്ടുണ്ട്. ചീഫ് എഞ്ചിനീയർ സുരേഷ് ബാബു, സലാവുദ്ദീൻ, സൂസൻ എന്നീ മൂന്ന്പേർ പരിഹാരം നിർദ്ദേശിക്കുന്നതിനുവേണ്ടി ഉദ്യോഗസ്ഥ തലത്തിൽ ക്രമീകരണങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അതോടൊപ്പം തന്നെ ഇവിടെ വർക്കുകൾ വേണ്ടവിധത്തിൽ ചെയ്യുന്നതിനുവേണ്ടി വാട്ടർ അതോറിറ്റിയുടെ ഹെഡ്ഡ്ഓഫീസിൽ മോണിറ്ററിംഗ് സെൽ രൂപീകരിക്കുന്നതാണ്. ഇതാണ് കൊച്ചിയിലെ ശുദ്ധജല വിതരണ പദ്ധതിക്ക് ഡിപ്പാർട്ടുമെന്റ് ചെയ്തിട്ടുള്ള കാര്യം.

(5) തൃത്താലയിലെ അടയ്ക്കാകൃഷിക്കാരുടെ സമരം

ശ്രീ. വി. കെ. ചന്ദ്രൻ: സർ, കച്ചവടക്കാരുടെ കൈയിൽ നിന്നും അടയ്ക്കാകൃഷിക്കാരെ രക്ഷിക്കാനും അവരുടെ ഉൽപ്പന്നത്തിന് ന്യായമായ വില ലഭ്യമാക്കുന്നതിനും വേണ്ടി ഗവൺമെന്റ് സംഭരണ ഏജൻസിയായ കാംപ്കോയെക്കൊണ്ട് കൃഷിക്കാരിൽ നിന്നും അടയ്ക്ക വാങ്ങിപ്പിക്കാൻ തീരുമാനിച്ചു. ഞങ്ങളുടെ നാട്ടിൽ പറയുന്ന ഒരു പഴമൊഴിയുണ്ട്. ഈറ്റെടുക്കാൻ വന്നവൾ ഇരട്ട പെറ്റു എന്ന്. ഏതാണ്ട് അവിടെ ഇന്ന് കൃഷിക്കാരുടെ സ്ഥിതി അതാണ്. വടക്കേ മലബാറിൽ അടയ്ക്ക ഏറ്റവും കൂടുതൽ വിപണനം നടക്കുന്നത് ചാലിശ്ശേരിയിലും കുന്നംകുളത്തും പഴനിയിലും കേച്ചേരിയിലുമാണ്. അടയ്ക്ക കൃഷിക്കാർ ഇന്ന് വല്ലാത്ത ഒരു അവസ്ഥയിലേക്ക് എത്തിയിരിക്കയാണ്. അവരുടെ ഉൽപ്പന്നങ്ങൾ കാംപ്കോയെ ഏൽപ്പിക്കണമെങ്കിൽ, വിൽക്കണമെങ്കിൽ കൃഷി ഭവനുകളിൽ നിന്നും സർട്ടിഫിക്കറ്റ് കൊടുക്കണം. കൃഷിക്കാർ ചെന്നാൽ ഈ സർട്ടിഫിക്കറ്റ് കൃഷി ഭവനിൽ നിന്നും കൊടുക്കുന്നില്ല. ഏതെങ്കിലും കച്ചവടക്കാരോ അവരുടെ ബിനാമികളോ ചെന്നാൽ മാത്രമാണ് അവിടെനിന്ന് സർട്ടിഫിക്കറ്റ് കിട്ടുന്നത്. ഇങ്ങനെ സർട്ടിഫിക്കറ്റുമായി കാംപ്കോയിൽ ചെന്നാൽ കാംപ്കോയുടെ ഉദ്യോഗസ്ഥൻമാർ പറയും ഈ സബ്സിഡി അവസാനിച്ചിരിക്കുന്നു എന്ന്. ഒരു കിലോ അടയ്ക്കയ്ക്ക് പത്തു രൂപയാണ് സബ്സിഡി കൊടുക്കുന്നത്. കാംപ്കോയ്ക്ക് ആകെ രണ്ടു കോടി രൂപയാണ് സബ്സിഡി കൊടുക്കാൻ വേണ്ടി അനുവദിച്ചിരിക്കുന്നത്. യഥാർത്ഥ കൃഷിക്കാരന് ഈ തുക കിട്ടുന്നില്ല. അവിടെ സംഭരിക്കുന്നത് യഥാർത്ഥ മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ വിലയ്ക്കാണ് കാംപ്കോ അടയ്ക്ക സംഭരിക്കുന്നത്. അവിടെ കവുങ്ങ് പൂക്കുമ്പോൾ തന്നെ ഏതെങ്കിലും കച്ചവടക്കാർ ചെന്ന് അഡ്വാൻസ് കൊടുത്ത് ഈ അടയ്ക്ക ആകെ ശേഖരിക്കുകയാണ്. എന്നിട്ട് കൊണ്ടുപോയി കാംപ്കോയ്ക്ക് വിൽക്കുന്ന സ്ഥിതിയാണ്. അതുകൊണ്ട് അടയ്ക്ക കൃഷിക്കാരെ

LIBRARY ARCHIVES Kerala Legislative Assembly